# അക്കാദമിക മാസ്റ്റർ പ്ലാൻ

## ~ സമഗ്രം ~

എടവക പഞ്ചായത്ത്

ഗവ. എൽ. പി. സ്കൂൾ പള്ളിക്കൽ

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി.എൽ.പി.എസ്. പള്ളിക്കൽ.

ഫോൺ നമ്പർ : 04935 245606

കോഡ് : 320301100103

വിദ്യാഭ്യാസ ഉപജില്ല : മാനന്തവാടി

ബി. ആർ. സി : മാനന്തവാടി

ഗ്രാമപഞ്ചായത്ത് : എടവക

ജില്ലാ പഞ്ചായത്ത്: വയനാട്

വില്ലേജ് : എടവക

email. id : glpspallikkal hm@gmail.com.

## വിദ്യാർത്ഥികളുടെ വിവരങ്ങൾ

| ക്ലാസ് | കുട്ടികളുടെ എണ്ണം | | |
|---|---|---|---|
| | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
| Pre primary | 74 | 72 | 146 |
| I | 45 | 41 | 86 |
| II | 29 | 37 | 66 |
| III | 41 | 38 | 79 |
| IV | 25 | 30 | 55 |
| Grand Total | 214 | 218 | 432 |

## അധ്യാപകരുടെ വിവരങ്ങൾ

ഹെഡ്മാസ്റ്റർ : 1
അധ്യാപകർ : 14
പ്രീപ്രൈമറി അധ്യാപകർ: 6

PTCM : 1

## ആമുഖം

എടവക ഗ്രാമ പഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി. സ്കൂൾ പള്ളിക്കൽ ചരിത്രപരവും സാമൂഹ്യപരവുമായി പെരുമയാർന്ന വിദ്യാലയമാണ്. പൊതുസമൂഹം ഇതുവരെ കണ്ടിട്ടില്ലാത്ത തരത്തിൽ ഒരു മുന്നേറ്റമാണ് വിദ്യാഭ്യാസ രംഗത്ത് കൈവന്നിരിക്കുന്നത്. പൊതു വിദ്യാലയങ്ങളെ മാറ്റി എടുക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമായി മാറ്റിയെടുക്കുന്നതിന് വേണ്ടിയുള്ള പദ്ധതികളാണ് ഇതിലൂടെ അവതരിപ്പിക്കുന്നത്.

ഭൗതിക സാഹചര്യങ്ങളിൽ ഒട്ടേറെ മുന്നേറാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ക്ലാസ്സുകളിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള LED ബോർഡുകൾ ഡിജിറ്റൽ വിദ്യാഭ്യാസ രംഗത്ത് മുന്നേറ്റമുണ്ടാക്കാൻ സഹായിക്കുന്നു. മനോഹരമായ പാർക്കും ഫിറ്റ്നസ് കോർണറും കുട്ടികളുടെ മാനസികവും കായികവുമായ വികാസത്തിന് ഏറെ ഗുണകരമാകുന്നു.

### വിദ്യാലയ ചരിത്രം

1869ൽ വടക്കത്തി ഭഗവതി ഊരാളൻ നൽകിയ ഭൂമിയിൽ മലബാർ ഡിസ്ട്രിക്ട് എലിമെന്ററി എഡ്യുക്കേഷൻ ബോർഡിന് കീഴിൽ പ്രവർത്തനം ആരംഭിച്ചു. ആദ്യകാലത്ത് അഞ്ചാം ക്ലാസ് വരെ ഉണ്ടെങ്കിലും പിന്നീട് 1964ൽ 4-ാം ക്ലാസായി ചുരുങ്ങി. ഒരു എൽ.പി. സ്കൂളുകൾക്കാവശ്യമായ ഭൗതിക സാഹചര്യം

നിലവിലുണ്ട്. 2025-26 വർഷത്തിൽ പ്രീപ്രൈമറി മുതൽ 4-ാം ക്ലാസ് വരെ വിദ്യാർഥികൾ ഇവിടെ പഠിക്കുന്നു.

## സമഗ്രം. ലക്ഷ്യമിടുന്നത്.-

2025-26 ലെ അക്കാദമിക മാസ്റ്റർ പ്ലാൻ 'സമഗ്രം' കുട്ടികളുടെ ഗുണാത്മകമായ വികാസമാണ് ലക്ഷ്യമിടുന്നത്. സർക്കാർ ആവിഷ്കരിക്കുന്ന സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഓരോ ക്ലാസിലും ലക്ഷ്യമിടുന്ന പഠന നേട്ടങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനമാണ് സമഗ്രം ഊന്നൽ നൽകുന്നത്. മൂല്യബോധത്തിന് ഊന്നൽ നൽകുന്ന സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഉണർവേകുന്ന പ്രവർത്തനങ്ങളാണ് ആവിഷ്കരിക്കുന്നത്.

## ഭാഷ

ഭാഷാ നൈപുണിയിൽ വിദ്യാലയത്തിലെ കുട്ടികൾ ഏറെ മുൻപന്തിയിലാണ്. ആകെ വിദ്യാർഥികളിൽ 10% ത്തിൽ താഴെ കുട്ടികൾ മാത്രമേ വായനയിലും ലേഖനത്തിലും പ്രയാസം അനുഭവിക്കുന്നുള്ളൂ. ഒന്നാം ക്ലാസ് മുതൽ അക്ഷരക്കാർഡുകൾ, പദക്കാർഡുകൾ ലഘു വായനാ സാമഗ്രികൾ, ലൈബ്രറി പുസ്തകങ്ങൾ ഇവയുടെ ചിട്ടയായ ഉപയോഗം, ഒന്നാം ക്ലാസ് മുതൽ സംയുക്ത ഡയറിയിൽ ആരംഭിച്ച് സർഗാത്മക ഡയറിയിലേക്ക് വളരുന്ന ദൃശ്യമായ ഡയറി എഴുത്ത്, രാവിലെ 10 മുതൽ 10.30 വരെയുള്ള വായനാ സമയം ഇവയൊക്കെ ഭാഷാ പരമായ കഴിവുകളുടെ വികാസത്തിന് ആക്കം കൂട്ടുന്നു.

ലക്ഷ്യം 1 : ഭാഷയുടെ വ്യത്യസ്ത വ്യവഹാര രൂപങ്ങൾ കേട്ട് അതിൽ നിന്ന് ആശയം ഗ്രഹിക്കുന്നതിന്. ആശയങ്ങൾ വ്യത്യസ്ത രീതിയിൽ പ്രകടിപ്പിക്കുന്നതിന്.

ചുമതല : അധ്യാപകർ.

കാലയളവ് : ജൂൺ - മാർച്ച്.

## പ്രവർത്തനങ്ങൾ

### കഥയുത്സവം

ക്ലാസിൽ എല്ലാ ദിവസവും പ്രീപ്രൈമറി മുതൽ ഓരോ കഥവീതം കേൾക്കാൻ അവസരം നൽകുന്നു. അധ്യാപികയോ കുട്ടിയോ കഥ പറയുന്നു, LED പാനലിൽ കഥ കാണിക്കുന്നു.

### പാട്ടരങ്ങ്

ക്ലാസുകളിൽ വിവിധ പാട്ടുകൾ കോർത്തിണക്കി പാട്ടരങ്ങ് അവതരിപ്പിക്കുന്നു.

### റീഡേഴ്സ് തിയേറ്റർ

കഥകൾ ഭാവത്തോടെയും ശബ്ദ വ്യതിയാനത്തോടെയും അവതരിപ്പിക്കുന്നു. സംഭാഷണങ്ങൾ വരുന്ന കഥകൾ കണ്ടെത്തി കുട്ടികൾക്ക് അവതരിപ്പിക്കാൻ നൽകുന്നു.

### സ്കൂൾ അസംബ്ലി

സ്കൂൾ അസംബ്ലിയിൽ കഥ, പാട്ട്, പ്രസംഗം തുടങ്ങി വിവിധ വ്യവഹാര രൂപങ്ങൾ കേൾക്കാൻ അവസരം നൽകുന്നു.

സ്കൂൾ റേഡിയോ

ഉച്ചയ്ക്കും വൈകുന്നേരങ്ങളിലും സ്കൂൾ റേഡിയോ യിലൂടെ വിവിധ വ്യവഹാര രൂപങ്ങൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

സർഗവേള

എല്ലാ വെള്ളിയാഴ്ചകളിലും നടക്കുന്ന ക്ലാസ് തല സർഗവേളകളിൽ വിവിധ വ്യവഹാര രൂപങ്ങൾ കേൾക്കാൻ അവസരം നൽകുന്നു.

ലക്ഷ്യം :: ആശയങ്ങൾ വാചികമായി അവതരിപ്പിക്കാനുള്ള ശേഷി കൈവരിക്കുന്നു.

ചുമതല : അധ്യാപകർ

കാലയളവ് : ജൂൺ - മാർച്ച്.

പ്രവർത്തനങ്ങൾ

സ്കൂൾ റേഡിയോ

വിവിധ വ്യവഹാരരൂപങ്ങൾ അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നു

സ്കൂൾ അസംബ്ലി

വിവിധ വ്യവഹാരരൂപങ്ങളുടെ അവതരണം. പത്രവായന.

ആഴ്ചയിലെ ചിന്താ വിഷയം

ആഴ്ചയിലൊരിക്കൽ ഒരു ചിന്താവിഷയം അവതരിപ്പിക്കുന്നു. നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഓരോ ക്ലാസിനും ചാർജ്ജ് നൽകുന്നു.

## എല്ലാരും ചൊല്ലണ്

എല്ലാ ദിവസവും ക്ലാസ് ആരംഭിക്കുന്നതിനു മുമ്പ് ഒരു ഇഷ്ടപ്പെട്ട വിഷയത്തെക്കുറിച്ച് ഒരു കുട്ടി സംസാരിക്കുന്നു.

## വായനാ ക്ലബ്ബ് - പ്രവർത്തനങ്ങൾ

- പുസ്തക പരിചയം
- സാഹിത്യകാരൻമാരെ പരിചയപ്പെടുത്തൽ

## വിദ്യാരംഗം കലാ സാഹിത്യവേദി- പ്രവർത്തനങ്ങൾ

- കഥ പറയൽ
- കവിതാലാപനം
- നാടൻപാട്ട്.

ലക്ഷ്യം- 111 എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുന്നതിന്.

## വായനാമൂല:

ഓരോ ക്ലാസിലും അനുയോജ്യമായ അക്ഷരകാർഡുകൾ, പദകാർഡുകൾ, വായനാ കാർഡുകൾ ബാലപ്രസിദ്ധീകരണങ്ങൾ ഇവ ഉൾപ്പെടുത്തി വായനാ മൂല സജ്ജീകരിക്കുന്നു.

## ക്ലാസ് ലൈബ്രറി

ഓരോ ക്ലാസിനും അനുയോജ്യമായ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ നിന്നും ജൂൺമാസത്തിൽ തന്നെയെടുക്കുകയും വിതരണത്തിനുള്ള സൗകര്യമൊരുക്കുകയും ചെയ്യുന്നു. ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും ലൈബ്രറി

ന്മാരാകുന്നു. കുട്ടികൾക്ക് പരിശീലനം നൽകുന്നു. ഓരോ ക്ലാസിനും വിതരണ രജിസ്റ്റർ ഉണ്ടാകുന്നു. പുസ്തക വിതരണം ആഴ്ചയിലൊരിക്കൽ രേഖപ്പെടുത്തുന്നു. മികച്ച വായനക്കാരെ കണ്ടെത്തി സമ്മാനം നൽകുന്നു.

### പൊതു വായനായിടം

സ്കൂളിലെ പൊതു വായനായിടം കൂടുതൽ പുസ്തക സമാഹരണം നടത്തി സമ്പന്നമാക്കുന്നു.

### 'പിറന്നാളിനൊരു പുസ്തകം' പരിപാടി

ആശയം CPTA യിൽ അവതരിപ്പിക്കുന്നു. എല്ലാവരും പിറന്നാൾ പുസ്തകം ക്ലാസ് ലൈബ്രറിക്ക് കൈമാറുന്നു. പഠന പ്രവർത്തനവുമായി ബന്ധിപ്പിച്ച് പ്രയോജനപ്പെടുത്തുന്നു.

### പത്രവായന

എല്ലാ ദിവസവും സ്കൂൾ റേഡിയോയിലൂടെ പത്ര വായന നടത്തുന്നു. ഓരോ ദിവസവും ഓരോ ക്ലാസിന് ചാർജ് നൽകുന്നു. ഓരോ ക്ലാസിനും ഓരോ പത്രം ലഭ്യമാക്കുന്നു.

### എല്ലാവരും മികവിലേക്ക് - സ്കൂൾ മികവ് പ്രവർത്തനം

ഓരോ ക്ലാസിനും അനുയോജ്യമായ അക്ഷര കാർഡുകൾ, പദകാർഡുകൾ, വായനാ സാമഗ്രികൾ, ലഘു ബാല പ്രസിദ്ധീകരണങ്ങൾ

ഇവകൊണ്ടെ തയ്യാറാക്കുകയും ഒരുക്കുകയും ചെയ്ത് വായന പരിപോഷിപ്പിക്കുന്നു. രാവിലെ 10 മണി മുതൽ 10.30 വരെയുള്ള സമയം വായനാ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു.

**കുഞ്ഞുവായന**

അക്ഷരം, ചിഹ്നം, പദം ഇവ വരുന്ന വായനാ കാർഡുകൾ തയ്യാറാക്കുന്നു. ഇവ ഉപയോഗിച്ച് പദം, വാക്യം ഇവ വായിക്കുന്നു. എഴുതുന്നു. ഭിന്ന നിലവാരക്കാരെ പരിഗണിച്ചുകൊണ്ട്

**അമ്മ വായന**

സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. CPGA പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി രക്ഷിതാക്കൾക്ക് വായനാനുഭവം പങ്കുവെക്കൽ, ആസ്വാദനക്കുറിപ്പ് മത്സരം തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.

**ശില്പശാല**

പി.ടി.എ, എസ്.എം.സി അംഗങ്ങളെ ഉൾപ്പെടുത്തി വായനാ സാമഗ്രികൾ തയ്യാറാക്കുന്നു.

**വായനാ മത്സരം**

ഓരോ ടേമിലും ഓരോ ക്ലാസിനും വായനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

**ഡിജിറ്റൽ വായന**

ഡിജിറ്റൽ വായനയ്ക്ക് അവസരമൊരുക്കുന്നു. ഐ.സി.ടി സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു.

കാലയളവ് : ജൂൺ - മാർച്ച്

സാമ്പത്തികം :

ചുമതല : SRG, PTA, SMC

ലക്ഷ്യം IV എല്ലാ കുട്ടികളെയും സ്വതന്ത്ര വായനയ്ക്കും സർഗാത്മക രചനയ്ക്കും പ്രാപ്തരാക്കുന്നതിന്.

## സംയുക്തഡയറി

ഒന്നാം ക്ലാസിലെ കുട്ടികൾക്കായി സംയുക്ത ഡയറി എഴുത്ത് ജൂൺ മാസം മുതൽ ആരംഭിക്കുന്നു. മികച്ച ഡയറിക്ക് സമ്മാനം നൽകുന്നു. ഫെബ്രുവരി മാസം പ്രകാശനം നടത്തുന്നു.

## സർഗാത്മക ഡയറി

2,3,4 ക്ലാസുകൾക്ക് ജൂൺമാസം മുതൽ സർഗാത്മക ഡയറി എഴുത്ത് ആരംഭിക്കുന്നു. പ്രകാശനം നടത്തുന്നു. മികച്ച ഡയറികൾക്ക് സമ്മാനം നൽകുന്നു.

## ചെരാത് സ്കൂൾ പത്രം.

ജൂൺ മാസം മുതൽ മാർച്ച് മാസം വരെ ഓരോ ക്ലാസിനും ചാർജ് നൽകി സ്കൂൾ പത്രം തയ്യാറാക്കുന്നു. എല്ലാ മാസവും രണ്ടാമത്തെ ചൊവ്വാഴ്ച പ്രകാശനം നടത്തുന്നു.

## ചെരാത് മാഗസിൻ

കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി ചെരാത് സ്കൂൾ മാഗസിൻ തയ്യാറാക്കുകയും സ്കൂൾ വാർഷികത്തിന് പുറത്തിറക്കുകയും ചെയ്യുന്നു

## ചുമർപത്രിക

ഓരോ ക്ലാസിലും പഠനപ്രവർത്തനങ്ങളുടെ ഭാഗമായുള്ള സൃഷ്ടികൾ ചേർത്ത് ചുമർപത്രിക തയ്യാറാക്കുന്നു.

## ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങളും മത്സരങ്ങളും നടത്തുന്നു.

ഉദാ:- പ്രസംഗം, പോസ്റ്റർ രചന, പതിപ്പ് നിർമ്മാണം, മുദ്രാവാക്യ രചന, പ്ലക്കാർഡ്, ജീവചരിത്രക്കുറിപ്പ്,

## വിദ്യാരംഗം കലാ സാഹിത്യവേദി പ്രവർത്തനങ്ങൾ

- കഥാപൂരണം
- കഥാ രചന
- കവിതാ രചന
- അഭിനയം

## വായനാ ക്ലബ്ബ് പ്രവർത്തനങ്ങൾ

വായനാനുഭവം തയ്യാറാക്കൽ

ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

ജീവചരിത്രക്കുറിപ്പ് രചന.

## രക്ഷിതാക്കളുടെ മാഗസിൻ

സമൂഹവും വിദ്യാലയവും തമ്മിൽ ഇഴചേർക്കുന്നതിനും CPTA കാര്യക്ഷമമാക്കുന്നതിനുമായി രക്ഷിതാക്കളുടെ മാഗസിൻ തയ്യാറാക്കുന്നു. സ്കൂൾ വാർഷികത്തിന് പ്രകാശനം നടത്തുന്നു.

ഭാഷാ ലാബ്:

സാഹിത്യകാരൻമാരുടെ ഫോട്ടോകൾ, ജീവചരിത്രക്കുറിപ്പുകൾ, ലൈബ്രറി പുസ്തകങ്ങൾ, audio-visual വായനാ സാമഗ്രികൾ, നിഘണ്ടു, ഉൾപ്പെടുത്തി സാമഗ്രികൾ തുടങ്ങിയവയെല്ലാം ഭാഷാ ലാബ് സജ്ജീകരിക്കുന്നു. ഭാഷാ പഠനത്തിന് പ്രയോജനപ്പെടുത്തുന്നു

ചുമതല: SRG, SMC, PTA

കാലയളവ്: ജൂൺ - മാർച്ച്

സാമ്പത്തികം:

## ENGLISH

Students are able to understand ideas and read according to their class level. But they face difficulties in Speaking English. To overcome this, teachers are trying to interact more with students and increase teacher talks. The master plan aims to help students improve their communicative English and become confident in writing freely through more activities.

Objective. I

Enable the learners understand and speak fluently in English.

Activity I Let's listen let's study.

Give opportunities to hear various discourses ie: story... thoughts, Rhyme. News, description, riddles, in assembly, Class room, and School radio

Time: Daily

Conducting authority

SRG

Class Teacher

Activity II English time with E cube - Twice in a weak.

Objective II

Enable the learners speak, read and perform in English.

Activity - I Weekly English assembly (Each Class takes turns)

Conducting authority

Class Teacher

Time: Once in a week.

Objective III

Helps the learners to develop reading writing and creativity in English.

Develops vocabulary.

Activity - English corner

Make an english corner in each class. Exhibits students english products. Exhibits pictures, cards word cards, discourses which are suitable for each class.

Time : Daily.

Conducting authority : Class teachers.

Objective IV

To help the learners proficient in English

Activity - English workshop.

prepare reading cards word cards etc. Training for puppetry, speech etc.

Conducting authority - SRG, PTA

Time : once in a year.

Objective V - To develop the vocabulary.

Activity - word a day spell bee.

Introduce a new word every day in each class. Conducting spelling test twice in a week and give prizes.

Time : Through out the year.

Conducting authority.

Class teacher.

Objective VI

To develop the communicative skill in English

Activity. I ♡ English

Prepare a board for I ♡ English and exhibits words, sentences, pictures and discorses which helps the learners to

Objective. IV. To help the students proficient in English.

Activity: English club.

Select 3 students from each class who likes english and cond club meets every two weeks. club students will plan and do the activities. There are some fun things the club can do:

1 Riddles
2. Reading Time.
3 word games / puzzles.
4 story telling.
5 Tongue twisters.
5 Skit / Roleplay.

Conducting authority.

Teacher in. charge.

Time:

Twice in a month.

Objective VII

To help the students to read fluent in english.

Activity. Reading Corner.

Prepare a reading corner in each clas and provide materials like word cards reading materials & simple stories appropria for the class.

Conducting authority: class teacher.

Time : June- March.

Objective : VIII
Enable to use English correctly and fluently.

Activity :- English Fest.

Conduct an English Fest which includes various activities like reading, roleplay, skit, rhyme, speech, etc.

Conducting authority
SRG

Time : February.

## ഗണിതം

മനുഷ്യകുലത്തിന്റെ പുരോഗതിക്ക് നിർണായക സംഭാവനകൾ നൽകിയിട്ടുള്ള ശാസ്ത്രശാഖയാണ് ഗണിതം. എല്ലാ കുട്ടികളും ഗണിതശേഷികൾ ആർജിക്കുന്ന വിധത്തിലും ഗണിതപഠനത്തിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുന്ന വിധത്തിലും ഗണിതപഠനം സാധ്യമാകുന്നുണ്ടോ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പരിഹാരബോധനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്.

പ്രവർത്തന പദ്ധതി.

ലക്ഷ്യം : ഗണിതപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ

കാലയളവ് : ജൂൺ / ജൂലൈ (ഹ്രസ്വകാലം)

ചുമതല : SRG (ക്ലാസ് ടീച്ചർ

• സംഖ്യാ ബോധം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ജൂൺ മാസത്തിൽ തന്നെ നൽകുന്നു
• വിവിധ ഗണിത കളികൾ സംഘടിപ്പിക്കുന്നു.

പ്രവർത്തനം 11 - ഗണിത ക്ലബ്ബ്

ലക്ഷ്യം: ഗണിത പഠനം ആസ്വാദ്യകരവും കാര്യക്ഷമവുമാക്കുക.

പ്രവർത്തനങ്ങൾ

→ ഓരോ ക്ലാസിലെയും തിരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു
→ ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ് തല പ്രവർത്തനങ്ങൾ നടത്തുന്നു

ഗണിത മാഗസിൻ

ഓരോ ക്ലാസിൽ നിന്നും ഗണിതാശയങ്ങൾ, പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ ഇവ ഉൾപ്പെടുത്തി സ്കൂളിന് ഒരു ഗണിത മാഗസിൻ തയ്യാറാക്കുന്നു.

ഗണിത ക്വിസ്

ലക്ഷ്യം: ഗണിത പഠനം കാര്യക്ഷമമാക്കുക, പഠനത്തിൽ താൽപര്യം, തുടർച്ച ഇവ ഉണ്ടാക്കുക

എല്ലാ മാസവും ക്ലാസ് തലത്തിൽ ഗണിത ക്വിസ് നടത്തുകയും വിജയികളെ കണ്ടെത്തി സ്കൂൾ തല ഗണിത ക്വിസ് നടത്തുകയും ചെയ്യുന്നു.

കാലയളവ്: ജൂൺ - മാർച്ച്

ചുമതല: ഗണിത ക്ലബ്ബ് / SRG.

മനക്കണക്കുകൾ / കുസൃതിക്കണക്കുകൾ

ലക്ഷ്യം:- ഓർമ്മശക്തിയും ഗണിതശേഷികളും വികസിപ്പിക്കുക.

ഓരോ ക്ലാസിനും യോജിച്ച പ്രവർത്തനങ്ങൾ ക്ലാസ് ടീച്ചർ കണ്ടെത്തി കുട്ടികളോട് ചോദിക്കുന്നു. നിശ്ചിത സമയം കൊണ്ട് ഉത്തരം കണ്ടെത്തുന്നു.

## ഗണിതലാബ്

ലക്ഷ്യം :- ഗണിത പഠനം ആസ്വാദ്യകരവും ലളിതവുമാക്കുക.

ഗണിതലാബ് സജ്ജീകരിക്കുന്നു. പഠനോപകരണങ്ങൾ നേരിട്ട് ഉപയോഗിച്ച് ഗണിത പഠനം ആസ്വാദ്യകരമാക്കാൻ ആവശ്യമായ വിധത്തിൽ ലാബ് സജ്ജീകരിക്കുന്നു

## ഉല്ലാസ ഗണിതം / ഗണിതം മധുരം പ്രവർത്തനങ്ങൾ

ക്ലാസ് തലത്തിൽ ഉല്ലാസ ഗണിതം, ഗണിതം മധുരം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു.

കാലയളവ് : ജൂൺ - മാർച്ച്

ചുമതല : ക്ലാസ് ടീച്ചർ.

## ശാസ്ത്രം

കുട്ടികളിൽ നിരീക്ഷണ പാടവം വർധിപ്പിക്കുന്നതിനും കൗതുകം, ജിജ്ഞാസ എന്നിവ വർധിപ്പിക്കുന്നതിനും ശാസ്ത്ര പഠനത്തിന് വലിയ പങ്കുണ്ട്. നിരീക്ഷിച്ച കാര്യങ്ങൾ താരതമ്യം ചെയ്യുകയും വർഗീകരിക്കുകയും നിഗമനത്തിലെത്തിച്ചേരുകയും വേണം. നേരനുഭവങ്ങൾ പകർന്ന് നൽകുന്ന യുക്തിചിന്ത വളർത്തുന്ന ശാസ്ത്രാഭിരുചി ഉളവാക്കുന്ന പ്രവർത്തനങ്ങളും

അക്കാദമിക മാസ്റ്റർ പ്ലാൻ ഊന്നൽ നൽകുന്നത്:

ലക്ഷ്യം 1 ഔത്സുക്യം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ വർധിപ്പിക്കുക.

കാലയളവ്: 1 വർഷം

ചുമതല: അധ്യാപകർ, PTA

പ്രവർത്തനം 1

പരീക്ഷണമൂല.

ക്ലാസിൽ ഒരു പരീക്ഷണമൂല ഒരുക്കുന്നു. രണ്ടാഴ്ചയിലൊരിക്കൽ പരീക്ഷണം നടത്തുന്നു. കുട്ടികൾ പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. അസംബ്ലിയിൽ പരീക്ഷണം നടത്തുന്നു. (മാസത്തിൽ ഒരു തവണ)

2. ഫീൽഡ്ട്രിപ്പ്

ഓരോ ക്ലാസിനും അനുയോജ്യമായ തരത്തിലുള്ള ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.

3. വാനനിരീക്ഷണം

കുട്ടികൾ വീട്ടിൽ നിന്ന് രാത്രി കാലങ്ങളിലെ ആകാശം നിരീക്ഷിച്ച് തന്റെ കാര്യങ്ങൾ നോട്ട്ബുക്കിൽ കുറിക്കട്ടെ. ഓരോ കുട്ടികളും അവതരിപ്പിക്കട്ടെ. LSS ക്യാമ്പിനോടനുബന്ധിച്ച് സ്കൂളിൽ വാനനിരീക്ഷണം സംഘടിപ്പിക്കുന്നു.

4 ശാസ്ത്രലാബ്

ശാസ്ത്രലാബ് ഒരുക്കുന്നു. നിരീക്ഷണത്തിനും പരീക്ഷണത്തിനുമുള്ള അവസരം ഒരുക്കുന്നു.

ലക്ഷ്യം 2 ശാസ്ത്രാഭിരുചി വളർത്തുന്നതിന് ശാസ്ത്രത്തിന്റെ പുതിയ കണ്ടുപിടിത്തങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നതിന്.

പ്രവർത്തനം 1 ശാസ്ത്രക്ലബ്ബ് - വർഷം മുഴുവൻ

എല്ലാ ക്ലാസിൽ നിന്നും കുട്ടികളെ ഉൾപ്പെടുത്തി ശാസ്ത്ര ക്ലബ്ബ് രൂപീകരിക്കുന്നു. വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ആനുകാലിക ശാസ്ത്ര നേട്ടങ്ങൾ, കണ്ടുപിടിത്തങ്ങൾ, ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ.

2 ശാസ്ത്രമേള - July

സ്കൂളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രമേള നടത്തുന്നു. ലഘു പരീക്ഷണങ്ങൾ, ചാർട്ട് നിർമാണം ഇവയിൽ പരിശീലനം നൽകുന്നു

3. പ്രവൃത്തി പരിചയ ശില്പശാല.

Work experience ൽ കഴിവുള്ള രക്ഷിതാക്കളെയും resourse persons നെയും ഉപയോഗിച്ച് vegetable printing, Beeds work, paper craft തുടങ്ങി വിവിധ വിഷയങ്ങളിൽ കുട്ടികൾക്ക് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു

ലക്ഷ്യം :- 3 ശാരീരികവും മാനസികവുമായ ആരോഗ്യത്തിൽ ശുചിത്വം അത്യന്താപേക്ഷിതമാണെന്ന് തിരിച്ചറിയുന്നതിന്.

പ്രവർത്തനം

ശുചിത്വ വിദ്യാലയം - ഉജ്ജ്വലം തുടർപ്രവർത്തനം.

കാലയളവ് - വർഷം മുഴുവൻ

ചുമതല : അധ്യാപകർ, PTA

ക്ലാസ് മുറികളും സ്കൂളും പരിസരവും പ്ലാസ്റ്റിക് രഹിത ശുചിത്വ വിദ്യാലയമായി സംരക്ഷിക്കുന്നു.

സ്കൂൾ പാർലമെന്റ് - ആരോഗ്യ ശുചിത്വ മന്ത്രിയുടെ നേതൃത്വത്തിൽ ശുചിത്വ കാര്യങ്ങൾ അന്വേഷിക്കൽ.

ശുചിത്വസേന

ജൂലൈ മാസത്തിൽ ശുചിത്വസേന രൂപീകരിക്കൽ. പരിസര ശുചിത്വം, ഭക്ഷണാവശിഷ്ടങ്ങൾ നിക്ഷേപിക്കൽ, ക്ലാസ് ശുചിത്വം നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യാൻ ചുമതലപ്പെടുത്തൽ.

Beauty day

എല്ലാ തിങ്കളാഴ്ചയും വൈകുന്നേരം 15 മിനിട്ട് എല്ലാ ക്ലാസിലെ കുട്ടികളും അവരവർക്ക് അനുവദിച്ച സ്ഥലം മനോഹരമാണെന്ന് ഉറപ്പു വരുത്തുന്നു. ടീച്ചർമാർ നേതൃത്വം നൽകുന്നു.

ലക്ഷ്യം : 4 കുട്ടികൾക്ക് നേരനുഭവങ്ങൾ നൽകുന്നതിന്, നിരീക്ഷണ പാടവം വളർത്തുന്ന

ICT അധിഷ്ഠിത ക്ലാസുകൾ

ഓരോ ക്ലാസിലും ആ ക്ലാസിനനുയോജ്യമായ ഓഡിയോ വീഡിയോ പഠനസാമഗ്രികൾ LED Wall ൽ ശേഖരിച്ച് വെക്കുകയും കുട്ടികൾക്ക് നേരനുഭവങ്ങൾ നൽകുകയും ചെയ്യുന്നു

മരത്തെ അറിയാം

ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ പരിസരത്തെ മരങ്ങൾക്ക് Name board സ്ഥാപിക്കൽ. മരത്തെക്കുറിച്ച് കൂടുതൽ അറിയൽ

കാലയളവ് : August, September

ന്യൂട്രീഷൻ ഗാർഡൻ

സ്കൂൾ പരിസരത്ത് പച്ചക്കറിത്തോട്ടമൊരുക്കുന്നു. കുട്ടികളെ ചേർത്ത് പരിപാലനം നടത്തുന്നു.

കാലയളവ് - September -

ചുമതല : അധ്യാപകർ, PTA

ഒരു കുട്ടിക്ക് ഒരു ചെടി - സ്കൂൾ സൗന്ദര്യവത്കരണം.

സ്കൂളിലേക്ക് ചെടിച്ചട്ടി സ്പോൺസർ ചെയ്യിപ്പിക്കാൻ ശ്രമം നടത്തുന്നു. ഒരു കുട്ടിക്ക് ഒരു ചെടി എന്ന രീതിയിൽ പരിപാലനം നടത്തുന്നു

കാലയളവ് - August - November

ചുമതല : അധ്യാപകർ PTA

# സ്കൂളിന്റെ തനത് പ്രവർത്തനങ്ങൾ

ലക്ഷ്യം: വായനയിലും ലേഖനത്തിലും നിർദ്ദിഷ്ട ശേഷി കൈവരിക്കുന്നതിന്

മികവ് പ്രവർത്തനം:- എല്ലാവരും മികവിലേക്ക്

→ എല്ലാ ദിവസവും രാവിലെ 10 മണി മുതൽ 10.30 വരെ വായനാ പരിപോഷണ പരിപാടി നടത്തുന്നു. ഓരോ ക്ലാസിലും വ്യത്യസ്ത നിലവാരക്കാർക്കനുയോജ്യമായ പദക്കാർഡുകൾ, വായനാ കാർഡുകൾ, ബാലപ്രസിദ്ധീകരണങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുന്നു. ശ്രാവ്യവായനയ്ക്ക് പ്രാധാന്യം നൽകുന്നു. പിന്നോക്കക്കാർക്ക് Peer group ന്റെയും അധ്യാപകരുടെയും പിന്തുണ ഉറപ്പാക്കുന്നു.

→ വൈകുന്നേരങ്ങളിൽ 1/2 മണിക്കൂർ മുന്നോക്കക്കാർക്കും പിന്നോക്കക്കാർക്കും അനുയോജ്യമായ ലേഖന പ്രവർത്തനങ്ങൾ നൽകുന്നു.

ലക്ഷ്യം. 2 കുട്ടികളിൽ പൊതുവിജ്ഞാനം വർധിപ്പിക്കുന്നതിന്

1. അറിവിലുയരാം പ്രതിമാസ ക്വിസ്

ദിനാചരണങ്ങൾ, ഇംഗ്ലീഷ്, ഗണിതം ആനുകാലികം ഇവ ഉൾപ്പെടുത്തി മാസാദ്യത്തിൽ ക്വിസ് ചോദ്യപേപ്പർ വിതരണം ചെയ്യുന്നു. മാസാവസാനം മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു. വാർഷികത്തോടനുബന്ധിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും മെഗാ ക്വിസ് നടത്തി സമ്മാനം വിതരണം ചെയ്യുന്നു

2 പത്രവായന

എല്ലാ ദിവസവും 2.15ന് ഓരോ ക്ലാസിനും ചുമതല നൽകി പത്രവായന നടത്തുന്നു. കുട്ടികൾ വീട്ടിൽ നിന്ന് പത്രം വായിച്ച് എഴുതി വന്ന് ക്ലാസിൽ അവതരിപ്പിക്കുന്നു. ക്ലാസിൽ പത്രത്തെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു.

കാലയളവ് - വർഷം മുഴുവൻ
ചുമതല - അധ്യാപകർ

ലക്ഷ്യം : 3 സമൂഹവും വിദ്യാലയവും തമ്മിലുള്ള ഇഴയടുപ്പം വർധിപ്പിക്കുന്നതിന്

പ്രവർത്തനം 1. PTA, ജനറൽ ബോഡി, PTA, SMC യോഗങ്ങൾ

ജൂൺ മാസത്തിൽ PTA ജനറൽ ബോഡി ചേരുകയും തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്യുന്നു. എല്ലാ മാസവും ആവശ്യങ്ങൾ അനുസരിച്ചും PTA, MPTA, SMC യോഗങ്ങൾ ചേരുകയും ആസൂത്രണവും വിലയിരുത്തലും നടത്തുകയും ചെയ്യുന്നു. PTA അംഗങ്ങൾക്ക് വിവിധ പരിപാടികളിൽ മുഖ്യാതിഥിയായി പ്രാതിനിധ്യം നൽകുന്നു.

2 CPTA യോഗങ്ങൾ

എല്ലാ മാസവും കൺവീനർമാരുടെ അധ്യക്ഷതയിൽ CPTA യോഗം [illegible]

ഉറപ്പു വരുത്തുന്നു.

3 സമ്പൂർണ്ണ ഗൃഹസന്ദർശനം

പ്രീപ്രൈമറി മുതൽ എല്ലാ ക്ലാസിലെയും കുട്ടികളുടെ വീടുകൾ അധ്യാപകർ സന്ദർശിക്കുന്നു. ആവശ്യമുള്ളവർക്ക് കൈത്താങ്ങ് നൽകുന്നു.

കാലയളവ് . June - September.

ചുമതല - അധ്യാപകർ

ലക്ഷ്യം : കുട്ടികൾക്ക് വിദ്യാലയത്തോടും പഠനത്തിലും താൽപര്യം ജനിപ്പിക്കുന്നതിന്

1 Dancing Friday - Zumba

എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 4 മണി മുതൽ പാട്ടിനനുസരിച്ച് നൃത്തം ചെയ്യാൻ അവസരം ഒരുക്കുന്നു

2. Colours day.

ഓരോ മാസവും ആദ്യ ബുധനാഴ്ച ആദ്യ Colours day ആയി ആചരിക്കുന്നു.

3. പലഹാരമേള.

നാട്ടുരുചിയും നാടൻ വിഭവങ്ങളും പരിചയപ്പെടുത്തുന്നതിന് പലഹാരമേള സംഘടിപ്പിക്കുന്നു. കുട്ടികൾ വിവിധ പലഹാരങ്ങൾ കൊണ്ടു വരുന്നു. പ്രദർശനം നടത്തിയ ശേഷം പങ്ക് വെക്കുന്നു

4. ഫ്രൂട്ട്സ് ഡേ.

പ്രീപ്രൈമറി കുട്ടികൾക്കായി ഫ്രൂട്ട്സ് ഡേ സംഘടിപ്പിക്കു

പത്തിലപ്പെരുമ. - August

കർക്കിടകത്തിൽ പത്തിലകളുടെ പ്രാധാന്യം പരിചയപ്പെടുത്താനായി ഭക്ഷ്യയോഗ്യമായ ഇലകളുടെ പ്രദർശനം കുട്ടികളും അധ്യാപകരും കൊണ്ടുവന്ന വിവിധ ഇലക്കറികളുടെ പ്രദർശനം. പത്രവകൾ എന്നിവ നടത്തുന്നു

Birthday Board. - വർഷം മുഴുവൻ

കുട്ടികളുടെ ജന്മദിനത്തിൽ പോസ്റ്ററുകൾ തയ്യാറാക്കി birthday boardൽ പ്രദർശിപ്പിക്കുന്നു.

പ്രതിഭാ ബോർഡ് - വർഷം മുഴുവൻ.

വിവിധ മത്സരങ്ങളിൽ സമ്മാനം നേടുന്ന കുട്ടികളുടെ പോസ്റ്റർ തയ്യാറാക്കി പ്രതിഭാ ബോർഡിൽ പ്രദർശിപ്പിക്കുന്നു.

മെഹന്തി ഫെസ്റ്റ് - June

ബക്രീദിനോടനുബന്ധിച്ച് നഴ്സറി ക്ലാസ് മുതൽ മെഹന്തി ഫെസ്റ്റ് നടത്തുന്നു

ബക്രീദ് ആഘോഷം - June.

കുട്ടികൾക്ക് സ്പെഷ്യൽ ഭക്ഷണം നൽകി ബക്രീദ് ആഘോഷിക്കുന്നു.

ഓണാഘോഷം

PTA യുടെ സഹകരണത്തോടെ വ്യത്യസ്ത പരിപാടികളുമായി ഓണാഘോഷം നടത്തുന്നു

## ക്രിസ്മസ് ആഘോഷം

വിവിധ പരിപാടികളോടെ ക്രിസ്മസ് ആഘോഷം സംഘടിപ്പിക്കുന്നു.

## പ്രീപ്രൈമറി കലാമേള

പുറത്ത് നിന്ന് വിധികർത്താക്കളെ വിളിച്ച് വിവിധ ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

## സ്കൂൾ കലാമേള

കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് അധ്യാപകർക്ക് നേതൃത്വം നൽകി പരിശീലനം കൊടുത്ത് മത്സരം സംഘടിപ്പിക്കുന്നു. മികച്ച കുട്ടികളെ കണ്ടെത്തി സബ്ജില്ലാ കലോത്സവത്തിന് പരിശീലനം നൽകുന്നു.

## സ്കൂൾ കായികമേള

സ്കൂൾ കായികമേള സംഘടിപ്പിക്കുന്നു. പരിശീലനം നൽകി സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.

## LSS പരിശീലനം, സഹവാസക്യാമ്പ്

ജൂൺ മാസം അവസാനം പരീക്ഷ നടത്തി കുട്ടികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നു. എല്ലാ അധ്യാപകർക്കും വിവിധ വിഷയങ്ങളുടെ ചാർജ് നൽകുന്നു. എല്ലാ ദിവസവും പരിശീലനം നൽകുന്നു. ശനിയാഴ്ച ക്ലാസുകൾ നടത്തുന്നു. 2 റെസിഡൻഷ്യൽ ക്ലാസുകൾ സംഘടിപ്പിക്കുന്നു. രണ്ട് മാസം കൂടുമ്പോൾ വിലയിരുത്തൽ നടത്തുന്നു. കുട്ടികൾക്ക് മെന്റർ ടീച്ചർമാരെ നൽകുന്നു. മാതൃകാ

പരിപാടികൾ സംഘടിപ്പിക്കുന്നു. ജനുവരി മാസം അവസാനം LSS സഹവാസ ക്യാമ്പ് നടത്തുന്നു

## Star hunt അവധിക്കാല പ്രവർത്തനങ്ങൾ

ഓരോ ക്ലാസിനും അനുയോജ്യമായ വിധത്തിൽ word a day, ഡയറി ഉൾപ്പെടുത്തിയ പ്രവർത്തനങ്ങൾ അവധിക്കാലത്ത് നൽകുന്നു. അടുത്ത അധ്യയന വർഷാരംഭം വിലയിരുത്തി സമ്മാനം നൽകുന്നു.

## Star hunt- Student tracking programme.

വിദ്യാലയത്തിൽ നിന്നും പോയ LSS, USS, SSLC, +2 വിജയികളെ അനുമോദിക്കുന്ന ചടങ്ങ് സംഘടിപ്പിക്കുന്നു. അക്കാദമിക മികവ് നേടിയ പൂർവ വിദ്യാർത്ഥിയെ മുഖ്യാതിഥിയായി പങ്കെടുപ്പിക്കുന്നു.

## Art, gallery

മഹത് വ്യക്തികളുടെ Photo School main building ൽ പ്രദർശിപ്പിക്കുന്നു

## പിറന്നാൾ സമ്മാനം

പിറന്നാൾ സമ്മാനമായി പുസ്തകമോ ചെടിയോ സ്പോൺസർ ചെയ്യിക്കാനുള്ള ശ്രമം നടത്തുന്നു.

## രക്ഷാകർതൃദിനം

സ്കൂൾ വാർഷികത്തോടനുബന്ധിച്ച് രക്ഷാകർതൃദിനം സംഘടിപ്പിക്കുന്നു. വിവിധ ഗെയിമുകൾ സംഘടിപ്പിക്കുന്നു.

## സ്കൂൾ വാർഷികം

എല്ലാ കുട്ടികളുടെയും stage പ്രോഗ്രാമുകൾ ഉൾപ്പെടുത്തി ഗംഭീരമായ സ്കൂൾ വാർഷികം സംഘടിപ്പിക്കുന്നു.

## പ്രവർത്തന കലണ്ടർ

ഓരോ വർഷത്തെയും കലണ്ടറുകൾ ജൂൺമാസത്തിൽ തന്നെ print ചെയ്ത് തയ്യാറാക്കുന്നു. ക്ലാസ് ഗ്രൂപ്പുകളിൽ മുൻകൂട്ടി പ്രവർത്തനങ്ങൾ പങ്കുവെക്കുന്നു.